(ബി) 1998-99 വർഷത്തിൽ 317 പുതിയ ബസുകൾ നിരത്തിലിറക്കിയിട്ടുണ്ട്. 1999 നവംബർ മാസം വരെ 176 പുതിയ ബസുകൾ നിരത്തിലിറക്കിയിട്ടുണ്ട്.

ഗതാഗത പ്രശ്നങ്ങൾ പഠിക്കുന്നതിനുള്ള ഏജൻസികൾ

88 (1143) ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരിയിലേയും സമീപ പ്രദേശത്തിലേയും ഗതാഗത പ്രശ്നങ്ങൾ പഠിക്കുന്നതിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഈ പഠനത്തിൽ എന്തുകൊണ്ടാണ് ആർ.ഐ.ടി.ഇ.എസ്.നെ ഉൾപ്പെടുത്താതിരുന്നത് ;

(സി) സി.ഇ.എസ്., ഐ.സി.എഫ്., എ.കെ.ഐ.എസ്.ഇ.ആർ., പി.ഇ.എം.എസ്., എന്നീ ഏജൻസികളെ ഏതെങ്കിലും പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇവരെ തിരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്താണ് ;

(ഡി) 1991-ൽ സി.ഇ.എസ്. ഏജൻസി ഇത് സംബന്ധമായി ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ഇ) ഈ പഠനം പൂർത്തിയായപ്പോൾ സംസ്ഥാന ഗവൺമെന്റിന് എന്ത് തുക ചെലവായി എന്ന് അറിയിക്കുമോ ;

(എഫ്) അന്നത്തെ പഠന റിപ്പോർട്ട് സംസ്ഥാന ഗവൺമെന്റിന്റെ പക്കൽ ഇപ്പോഴുണ്ടോ ;

(ജി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(എച്ച്) 1994-ൽ പ്രസ്തുത റിപ്പോർട്ട് ലഭിച്ചതിന് ശേഷം അതേ രീതിയിലുള്ള മറ്റൊരു പഠനം നടത്താൻ ഇപ്പോൾ അവരെയും മറ്റ് ചില ഏജൻസികളെയും ചുമതലപ്പെടുത്തിയത് എന്തടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് എംപാനൽ ചെയ്ത 20 കൺസൾട്ടന്റുമാരുടെ പേര് വിവരം സംസ്ഥാന സർക്കാരിന് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ 20 പേർക്കും ഈ ജോലിയുടെ ടെക്നോ ഇക്കണോമിക് ബിഡിംഗിൽ പങ്കെടുക്കാൻ അവസരം നൽകിയെങ്കിലും ആർ.ഐ.ടി.ഇ.എസ്. ഉൾപ്പെടെ 10 പേർ മാത്രം പങ്കെടുത്ത ഈ സംരംഭത്തിന്റെ ടെക്നിക്കൽ സ്ക്രീനിംഗ് കഴിഞ്ഞ് തിരഞ്ഞെടുക്കപ്പെട്ടവരുടെ കൂട്ടത്തിൽ ആർ.ഐ.ടി.ഇ.എസ്. ഇല്ലായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന സി.ഇ.എസ്. ഇൻഡ്യ ലിമിറ്റഡിനെ ഈ പഠനത്തിനായി നടത്തപ്പെട്ട ടെക്നോ എക്കണോമിക് പോസറ്റീവ് ബിഡിംഗിൽ ഒന്നാം സ്ഥാനത്തെത്തിയതുകൊണ്ട് കേന്ദ്ര സർക്കാരിന്റെ അനുമതിയോടും 40 ശതമാനം സാമ്പത്തിക സഹായത്തോടും കൂടി പഠനം നടത്താൻ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി, ഇ, എഫ്, ജി & എച്ച്) ഗതാഗതവകുപ്പിന്റെ കീഴിൽ ഇത്തരം പഠനം ഇതാദ്യമാണ്.

കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ

89 (1144) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. എത്ര സബ് ഡിപ്പോകളും ഓപ്പറേറ്റിംഗ് സെന്ററുകളും സ്റ്റേഷൻ മാസ്റ്റർ ആഫീസുകളും ഡിപ്പോകളും തുടങ്ങിയിട്ടുണ്ട് ;

(ബി) ഇവ ഓരോന്നും ഏതേത് നിയോജകമണ്ഡലങ്ങളിലാണ് തുടങ്ങിയതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)

ഡിപ്പോകൾ	ഇല്ല
സബ് ഡിപ്പോകൾ	6
ഓപ്പറേറ്റിംഗ് സെന്റർ	3
സ്റ്റേഷൻ മാസ്റ്റർ ആഫീസ്	8

(ബി)

സബ് ഡിപ്പോകൾ	നിയോജകമണ്ഡലം
1. എടത്വാ	കുട്ടനാട്
2. തൊട്ടിൽപ്പാലം	നാദാപുരം
3. കണിയാപുരം	കഴക്കൂട്ടം
4. എരുമേലി	കാഞ്ഞിരപ്പള്ളി
5. മല്ലപ്പള്ളി	കല്ലുപ്പാറ
6. ചടയമംഗലം	ചടയമംഗലം
ഓപ്പറേറ്റിംഗ് സെന്റർ	
1. വെള്ളറട	നെയ്യാറ്റിൻകര
2. വടകര	വടകര
3. ചാത്തന്നൂർ	ചാത്തന്നൂർ

LIBRARY ARCHIVES Kerala Legislative Assembly